# മനുഷ്യാവകാശത്തിന്റെ ഖുർആനികാടിത്തറ

ആർ. യൂസുഫ്

മനുഷ്യാവകാശത്തെക്കുറിച്ച വിശുദ്ധഖുർആന്റെ കാഴ്ചപ്പാട്, ഭൗതിക പ്രപഞ്ചത്തിൽ മനുഷ്യന് ഖുർആൻ നിർണയിച്ച പദവിയുമായി ബന്ധപ്പെട്ടുകിടക്കുന്നു. വിശുദ്ധഖുർആന്റെ വിഭാവനപ്രകാരം മനുഷ്യൻ ദൈവത്തിന്റെ ഭൂമിയിലെ പ്രതിനിധി(ഖലീഫ)യാണ്. മറ്റെല്ലാ സൃഷ്ടികളെക്കാളും മുകളിൽ അവരോധിതനായ മനുഷ്യനെ ഭൂമിയുടെ സംരക്ഷണവും പരിപാലനവും ദൈവം ഏൽപിച്ചിരിക്കുന്നു. ഇക്കാര്യം ഭംഗിയായി നിർവഹിക്കാനുതകും വിധം ഭൗതികപ്രപഞ്ചത്തെ അധീനപ്പെടുത്താനുള്ള സർഗശേഷിയും ഉപയോഗപ്പെടുത്താനുള്ള ഉടമസ്ഥാവകാശവും താൽക്കാലികമായി മനുഷ്യന് പതിച്ചു നൽകിയിട്ടുമുണ്ട്. ഈ സ്വാതന്ത്ര്യവും വിശേഷബുദ്ധിയും ഉപയോഗപ്പെടുത്തി,ദൈവഹിതാനുസൃതം ജീവിക്കുന്ന വ്യക്തിയെയും സമൂഹത്തെയും സാമൂഹികക്രമത്തെയും കെട്ടിപ്പടുക്കുക എന്നതാണ് മനുഷ്യന്റെ ദൗത്യം.

## മനുഷ്യസമത്വം

വിശുദ്ധഖുർആന്റെ ഈ വിഭാവനപ്രകാരം എല്ലാ മനുഷ്യരും ദൈവത്തിന്റെ പ്രതിനിധികളാണ്. അതിൽ കറുത്തവരെന്നും വെളുത്തവരെന്നുമുള്ള വേർതിരിവുകളില്ല. ഭാഷ, ദേശം, വർണം, ലിംഗം എന്നീ പരിഗണനകൾക്കതീതമായി ഭൂമിയിലെ ഖലീഫമാരായ സർവരും ഒരേ സമതലത്തിലുള്ളവരാണെന്ന ഈ അടിസ്ഥാന കാഴ്ചപ്പാടാണ് ഇസ്‌ലാമിലെ മനുഷ്യാവകാശനിയമങ്ങളുടെ ശ്രദ്ധേയമായ വശം. പ്രത്യേകാവകാശങ്ങൾ മനുഷ്യരിൽ ചിലർക്ക് സവിശേഷമായുണ്ടെന്ന എല്ലാ മനുഷ്യവിരുദ്ധ കാഴ്ചപ്പാടുകളുടെയും നിരാകരണമാണിത്.

മനുഷ്യാവകാശത്തെ സ്റ്റേറ്റിന്റെ ഔദാര്യമായി ഗണിക്കുന്ന സമകാലികരാഷ്ട്രീയഘടനയിൽ നിന്നും ഖുർആനിലെ മനുഷ്യാവകാശനിയമങ്ങളെ വ്യത്യസ്തമാക്കുന്ന മറ്റൊരു ഘടകം അതിന്റെ സാർവദേശീയതയാണ്. ഇസ്‌ലാമിൽ എല്ലാ അവകാശങ്ങളും ദൈവികനിയമങ്ങളാൽ അനുവദിക്കപ്പെട്ടതാണ്. ഭരണഘടനയോ ഭരണാധികാരികളോ അല്ല, മനുഷ്യവംശത്തെ ഒരൊറ്റ ശരീര(നഫ്സുൻവാഹിദ)മായി പരിചയപ്പെടുത്തുന്ന ദൈവമാണ് അവകാശങ്ങൾ പ്രദാനം ചെയ്യുന്നത്. ഈ അവകാശങ്ങൾ ഭൂമിശാസ്ത്രപരമായ അതിരുകളുടെ മാറ്റത്തിനനുസരിച്ച് വ്യത്യസ്തമോ ഏതെങ്കിലും ഭൂപ്രദേശത്ത് പരിമിതമോ അല്ല. അഥവാ നിയമത്തിന് മുമ്പിൽ എല്ലാവരും തുല്യർ (Equality before law) എന്ന തത്ത്വം അതത് രാജ്യത്തെ പൗരന്മാർക്ക് മാത്രം ബാധകമാക്കുന്ന എല്ലാ ആധുനികനിയമസംഹിതകളും ഒളിപ്പിച്ച് വയ്ക്കുന്ന സ്വദേശി, വിദേശി വിവേചനത്തിന്റെ വേരറുത്ത് മാറ്റുന്നു ഈ സാർവദേശീയമാനം. ജനങ്ങളൊന്നടങ്കം ഒരൊറ്റ ജനതയാണ് (2: 213) എന്ന ഖുർആൻ വചനം സ്വദേശിയുടെ അവകാശമെന്തൊക്കെയാണോ അത്രതന്നെ വിദേശിക്കുമുണ്ടെന്ന തത്ത്വം കൂടി വിളംബരപ്പെടുത്തുന്നുണ്ട്. മനുഷ്യവംശത്തെ ഒരൊറ്റ ജാതിയായി അടയാളപ്പെടുത്തുന്ന ഈ ഖുർആനികതത്ത്വത്തിന് പ്രവാചകൻ രചിച്ച ഭാഷ്യമാണ് 'മനുഷ്യൻ ചീർപ്പിന്റെ പല്ലുകൾ പോലെ സമന്മാർ' എന്ന ഹദീസ്.

## മൗലികസ്വാതന്ത്ര്യം

ഖുർആനിലെ സമത്വസങ്കൽപത്തെ പോലെത്തന്നെ വിശാലമാണ് സ്വാതന്ത്ര്യസങ്കൽപവും. വിശ്വാസസ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം, ചിന്താസ്വാതന്ത്ര്യം, സഞ്ചാരസ്വാതന്ത്ര്യം തുടങ്ങി ഇക്കാലത്ത് മാനവികതയുടെ പക്ഷംചേർന്ന് വിശദീകരിക്കപ്പെടുന്ന എല്ലാ സ്വാതന്ത്ര്യത്തെയും ജന്മസിദ്ധമായ അവകാശമെന്ന നിലയ്ക്കാണ് ഖുർആൻ സമീപിക്കുന്നത്. ഇസ്‌ലാമിന് കൃത്യമായ ഒരു പ്രപഞ്ചവീക്ഷണവും ജീവിതകാഴ്ചപ്പാടുമുണ്ടായിരിക്കെ തന്നെ മറിച്ചുള്ള എല്ലാ ജീവിതദർശനങ്ങളുടെയും നിലനിൽപ് അംഗീകരിക്കാൻ മാത്രം വിശാലമാണ് ഈ സ്വാതന്ത്ര്യവീക്ഷണം. ഏകശിലാഘടനയുള്ള സമഗ്രാധിപത്യസാമൂഹികദർശനങ്ങളിൽനിന്നും ഇസ്‌ലാമിനെ വേർതിരിക്കുന്ന ഘടകം കൂടിയാണിത്.

ഏതൊരാൾക്കും തനിക്ക് ശരിയെന്ന് തോന്നുന്ന വിശ്വാസപ്രമാണമംഗീകരിച്ച് ജീവിക്കാനർഹതയുണ്ടെന്നു ഈ അവകാശ(Individual's right to freedom)പ്രഖ്യാപനത്തിന്റെ അഭാവത്തിൽ മനുഷ്യൻ ഭൂമിയിലെ ഖലീഫയാണെന്ന ഖുർആനികവിഭാവനപൂർണമാവുകയില്ല. കാരണം, ഭൗതികജീവിതം പരീക്ഷണമാണെന്നും അതിൽ ആരാണ് ദൈവഹിതാനുസൃതം ജീവിച്ച് ഏറ്റവും നന്നായി കർമം ചെയ്യുന്നത് എന്നുമാണ് ദൈവം പരീക്ഷിക്കുന്നത് (67:2). ഓരോരുത്തർക്കും സ്വേഛ അനുസരിച്ച് ജീവിക്കാനുള്ള മൗലികസ്വാതന്ത്ര്യമില്ലെങ്കിൽ ഈ പരീക്ഷണം തന്നെ നിരർഥകമാവും. അതിനാൽ, ശുദ്ധപ്രകൃതത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന് തെരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യവും ഈ പ്രകൃതത്തിന്നനുരൂപവും പ്രതികൂലവുമായി ജീവിതം കെട്ടിപ്പടുക്കാനുള്ള അവകാശവും ദൈവം അംഗീകരിക്കുക മാത്രമല്ല ഇങ്ങനെ രൂപപ്പെടുന്ന എല്ലാ വൈരുധ്യങ്ങളുടെയും വൈവിധ്യങ്ങളുടെയും നിലനിൽപിന്റെ സാധുത പ്രസ്താവിക്കുന്നുമുണ്ട്: "അല്ലാഹു (നിങ്ങളിൽ യാതൊരു ഭിന്നിപ്പും ഉണ്ടാകരുതെന്ന്) ഇഛിച്ചിരുന്നെങ്കിൽ നിങ്ങളെയാസകലം ഒരൊറ്റ സമുദായമാക്കുമായിരുന്നു" (16: 93).

"നിങ്ങളിൽ ഓരോ വിഭാഗത്തിനും ഓരോ നിയമവ്യവസ്ഥയും കർമമാർഗവും ഉണ്ട്. അല്ലാഹു ഇഛിച്ചിരുന്നെങ്കിൽ നിങ്ങളെ ആസ

കലം ഒരൊറ്റ സമുദായമാക്കാൻ അവന് കഴിയുമായിരുന്നു. എന്നാൽ, ഇങ്ങനെ ചെയ്തത് നിങ്ങൾക്ക് അവൻ നൽകിയതിൽ നിങ്ങളെ പരീക്ഷിക്കുന്നതിന്നായിട്ടത്രെ. അതിനാൽ നന്മകളിൽ ഓരോരുത്തരും മറ്റുള്ളവരെ മുൻകടക്കാൻ ശ്രമിക്കുവിൻ" (5: 48) എന്നീ ഖുർആൻവചനങ്ങൾ ഈ സാധുതയെയാണ് അടയാളപ്പെടുത്തുന്നത്. ഖുർആൻ മനുഷ്യന്റെ മൗലികസ്വാതന്ത്ര്യത്തെ (Personal freedom) മുൻനിർത്തിയുള്ള ഒരേയൊരു വൈവിധ്യത്തെയാണ് അംഗീകരിക്കുന്നത് എന്ന കാര്യം സവിശേഷശ്രദ്ധയർഹിക്കുന്നുണ്ട്. ഇസ്‌ലാമികനിയമസംഹിതയുടെ അപ്രമാദിത്വം ആവർത്തിച്ച് പ്രഖ്യാപിക്കുന്നതോടൊപ്പം തന്നെയാണ് ഖുർആൻ ഈ വൈവിധ്യത്തെ ആദരിക്കുന്നത്.

ഇഷ്ടപ്പെട്ട ജീവിതരീതി തെരഞ്ഞെടുക്കാനുള്ള വ്യക്തിയുടെ അവകാശത്തെ ഖുർആൻ ഇപ്രകാരം വിളംബരം ചെയ്യുന്നു. "ഇത് നിങ്ങളുടെ റബ്ബിങ്കൽനിന്നുള്ള സത്യമാകുന്നു. ഇഷ്ടമുള്ളവർക്ക് ഇത് സ്വീകരിക്കാം. ഇഷ്ടമുള്ളവർക്ക് നിഷേധിക്കാം" (18: 29).

തനിക്ക് ശരിയെന്ന് തോന്നുന്നതിൽ ഉറച്ച് നിൽക്കാനുള്ള വ്യക്തിയുടെ വിശ്വാസസ്വാതന്ത്ര്യത്തെ (Freedom of conscience and conviction) മതകാര്യത്തിൽ ഒരുവിധ ബലപ്രയോഗവുമില്ല (2: 256) എന്ന വിശുദ്ധവചനം കൃത്യമാക്കുന്നുണ്ട്.

"നിങ്ങൾ വേദക്കാരോട് സംവാദത്തിലേർപ്പെടരുത്, ഏറ്റവും ശ്രേഷ്ഠമായ രീതിയിലല്ലാതെ" (29: 46). "ഈ ജനം അല്ലാഹുവിനെ വെടിഞ്ഞ് വിളിച്ചുപ്രാർഥിച്ചുകൊണ്ടിരിക്കുന്നവരെ നിങ്ങൾ ആക്ഷേപിച്ചുകൂടാത്തതാകുന്നു. അങ്ങനെ അവരുടെ ബഹുദൈവവിശ്വാസം വിജൃംഭിച്ച് അജ്ഞതയാൽ അവർ അല്ലാഹുവിനെ ആക്ഷേപിക്കാൻ ഇടയായിക്കൂടാ. നാമാണെങ്കിൽ ഈവിധം സകല ജനങ്ങൾക്കും അവരുടെ കർമങ്ങൾ അലങ്കാരമാക്കി കൊടുത്തിട്ടുണ്ട്" (6: 108) എന്നീ ഖുർആൻവചനങ്ങൾ വിഭിന്ന ചിന്താഗതിക്കാർ സ്വന്തം നിലപാടുകൾ അവതരിപ്പിക്കുമ്പോൾ പാലിക്കേണ്ട മര്യാദയെയും ഇതര വിശ്വാസികളുടെ മതവികാരം വ്രണപ്പെടുത്തരുതെന്ന (Protection of religious sentiments) നിർദേശവുമാണ് അഥവാ ഓരോ വിശ്വാസഗതിക്കാർക്കും അവരുടെ മതവികാരം സുരക്ഷിതമാകാനുള്ള അവകാശമുണ്ടെന്ന് ഈ വചനങ്ങൾ വിശദമാക്കുന്നു.

ചിന്താരംഗത്തും വിശ്വാസരംഗത്തും ശരിയെന്ന് തീർച്ചയുള്ള മാർഗങ്ങളിലൂടെ മുന്നേറാൻ അനുവാദം നൽകുന്ന ഖുർആന്റെ സമീപനം വ്യക്തിയുടെ ഭാവനയുടെ ചിറക് കരിച്ചുകളയുന്ന സമഗ്രാധിപത്യ ദർശനങ്ങളിൽനിന്ന് തീർത്തും വ്യത്യസ്തമാണ്. എന്നാൽ, സർവത്ര അരാജകത്വത്തിന് വഴിതുറന്ന അനിയന്ത്രിത സ്വാതന്ത്ര്യത്തെ ഖുർആൻ അനുവദിക്കുന്നു എന്നല്ല, ഇതിന്റെ അർഥം. വ്യക്തിയുടെ സ്വാതന്ത്ര്യം പരിമിതമാണോ? ആണെങ്കിൽ അതിന്റെ പരിധിയേത്? ഈ അന്വേഷണത്തിനു മുമ്പിലാണ് ഖുർആനിലെ അടിസ്ഥാന മനുഷ്യാവകാശ(Basic Human Rights)നിയമങ്ങൾ പ്രസക്തമാകുന്നത്. ഖുർആനികവിഭാവന അനുസരിച്ച് വ്യക്തിക്ക് സ്വാതന്ത്ര്യമുള്ളതുപോലെ ചില അടിസ്ഥാന മൗലികാവകാശങ്ങളുമുണ്ട്. മനുഷ്യൻ ഭൂമിയിലെ ഖലീഫയാണെന്ന അടിസ്ഥാനകാഴ്ചപ്പാടിൽനിന്ന് ഉയിരെടുക്കുന്നതാണ് ഈ അവകാശങ്ങളും ഭൂമിയുടെ സംരക്ഷണവും പരിപാലനവും ഉടമസ്ഥാവകാശവും താൽക്കാലികമായി ഏൽപിക്കപ്പെട്ട മനുഷ്യന് പ്രസ്തുത ചുമതലകൾ നിർവഹിക്കാൻ എന്തെല്ലാം അനിവാര്യമായുണ്ടോ അതിനെയെല്ലാം ഖുർആൻ മനുഷ്യാവകാശമായി നിർണയിച്ചിട്ടുണ്ട്. ഈയൊരു പരിപ്രേക്ഷ്യത്തിലൂടെ നോക്കുമ്പോൾ ഖുർആനികവീക്ഷണപ്രകാരം മനുഷ്യൻ എന്ന അസ്തിത്വത്തിന്റെ സ്വതന്ത്രമായ നിലനിൽപിന് എന്തെല്ലാം ആവശ്യമുണ്ടോ അതാണ് അടിസ്ഥാനമൗലികാവകാശങ്ങൾ. ഈ അവകാശങ്ങൾ ജന്മസിദ്ധവും അതിനാൽ എല്ലാവർക്കും തുല്യവുമാണ്. ഇത് ലംഘിക്കാനുള്ള സ്വാതന്ത്ര്യം ആർക്കുമില്ല. മനുഷ്യന്റെ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കാനുള്ള നിരുപാധികാധികാരം ഭരണാധികാരികൾക്കും ഭരണഘടനയ്ക്കും ഏൽപിച്ചുകൊടുക്കുന്നതിനു പകരം മറ്റുള്ളവരുടെ ദൈവദത്തമായ മനുഷ്യാവകാശങ്ങൾ ഹനിക്കരുതെന്ന് അഭ്യസിപ്പിക്കുക വഴി ഖുർആൻ മൗലികസ്വാതന്ത്ര്യത്തെയും മൗലികാവകാശങ്ങളെയും സമന്വയിപ്പിക്കുകയാണ്. മനോഹരവും യുക്തിഭദ്രവുമായ ഈ ഖുർആനികനിലപാടനുസരിച്ച് സ്വാതന്ത്ര്യവും മനുഷ്യാവകാശവും പരസ്പരബന്ധിതവും പൂരകവുമാണ്. ഉദാരസ്വാതന്ത്ര്യ(Liberalism)ത്തിലധിഷ്ഠിതമായ പാശ്ചാത്യനാഗരികത ക്രൂരമായ മനുഷ്യാവകാശലംഘനങ്ങൾ വഴിതുറന്നും സാമൂഹിക അച്ചടക്കം സ്ഥാപിക്കുന്നതിന് സ്വാതന്ത്ര്യത്തെ അപഹരിച്ച സമഗ്രാധിപത്യ അധികാരവ്യവസ്ഥ സർഗാത്മകതയെ വറ്റിച്ചും പാരതന്ത്ര്യത്തിന്റെ കാണാച്ചരടുകളിൽ ജനപദങ്ങളെ ബന്ധിച്ചപ്പോൾ ഖുർആൻ യുക്തിഭദ്രമായ നിലപാടുകളിലൂടെ ഇവ രണ്ടിനെയും കോർത്തിണക്കുകയാണ്.

ഉദാരസ്വാതന്ത്ര്യത്തെക്കുറിച്ച് ഏറെ വാചാലമായ പാശ്ചാത്യനാഗരികത വ്യക്തിയുടെ അനിയന്ത്രിതമായ സ്വാതന്ത്ര്യവാഞ്ഛ സമൂഹത്തിന്റെ മൗലികാവകാശങ്ങളിൽ നടത്താൻ സാധ്യതയുള്ള കൈയേറ്റങ്ങളെക്കുറിച്ച് ഒന്നും പറയുന്നില്ല. മതവും ഭരണകൂടവും സ്വാതന്ത്ര്യദാഹിയായ വ്യക്തിക്ക് നിയന്ത്രണമേർപ്പെടുത്തരുതെന്ന ഉദാരവാദത്തിന്റെ നിലപാട് ക്രൂരമായ മനുഷ്യാവകാശലംഘനങ്ങൾക്കാണ് വഴി തുറന്നത്. ബലാത്സംഗം, പിടിച്ചുപറി, സാമ്പത്തികകുറ്റകൃത്യങ്ങൾ, പാരിസ്ഥിതിക കൈയേറ്റം തുടങ്ങിയവയിലൂടെ പ്രത്യക്ഷമായും പരോക്ഷമായും അന്യന്റെ മൗലികാവകാശങ്ങൾ ഈ നാഗരികതയിൽ പരസ്യമായി അപഹരിക്കപ്പെട്ടു. സാമൂഹിക അച്ചടക്കം സ്ഥാപിക്കുന്നതിന് കടുത്ത നിയന്ത്രണങ്ങളേർപ്പെടുത്തുക വഴി സ്വാതന്ത്ര്യത്തെ അപഹരിച്ച സമഗ്രാധിപത്യ അധികാരവ്യവസ്ഥ സർഗാത്മകതയില്ലാത്ത വിഷാദമനോഗതിക്കാരെയാണ് സംഭാവന ചെയ്തത്. ഈ രണ്ടു ഭിന്നധ്രുവസമീപനങ്ങൾക്കും സ്വാതന്ത്ര്യത്തെയും മൗലികാവകാശത്തെയും പരസ്പരബന്ധിതമായ ഒരേകകമായി വിലയിരുത്താനായില്ല. ഇവിടെയാണ് ഖുർആന്റെ സമീപനം പ്രസക്തമാകുന്നത്.

## മൗലികാവകാശങ്ങൾ

ദൈവദത്തമായ മൗലികാവകാശങ്ങളെക്കുറിച്ച ഖുർആന്റെ നിലപാട് 'തീർച്ചയായും നാം ആദം സന്തതികളെ ആദരിച്ചിരിക്കുന്നു' (17: 70) എന്ന വചനത്തിൽ ഉൾച്ചേർന്നിട്ടുണ്ട്. ഈ ആദരവിന് പ്രവാചകൻ തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ നൽകിയ വിശദീകരണം ഇപ്രകാരമാണ്: "നിങ്ങളുടെ രക്തം പവിത്രമാണ്, ധനം പവിത്രമാണ്, അഭിമാനം പവിത്രമാണ്." ജീവൻ, അഭിമാനം, സമ്പത്ത് എന്നിവയുടെ ഈ പവിത്രത കൊണ്ടുദ്ദേശിക്കുന്നത് ഇവ കവർന്നെടുക്കാൻ ആർക്കും അവകാശമില്ലെന്ന മൗലികസത്യമാണ്. വിശുദ്ധഖുർആനിലും പ്രവാചകവചനങ്ങളിലും മനുഷ്യജീവൻ ഹനിക്കുന്നതിനെ കുറിച്ച നിരവധി മുന്നറിയിപ്പുകളുണ്ട്.

അല്ലാഹു ആദരിച്ച ആത്മാവിനെ അന്യായമായി വധിക്കുകയെന്ന പാതകം ചെയ്യരുത് (17: 33). "ഒരാത്മാവിന് പകരമായോ അല്ലെങ്കിൽ ഭൂമിയിൽ നാശം വിതച്ചതിന്റെ പേരിലോ അല്ലാതെ ആരെങ്കിലും ഒരു മനുഷ്യനെ വധിച്ചാൽ അവൻ മുഴുവൻ മനുഷ്യരെയും വധിച്ചതുപോലെയാകുന്നു" (5: 32).

ധനം സമ്പാദിക്കാനുള്ള അവകാശത്തെയും മൗലികാവകാശമായി ഗണിക്കുന്ന വിശുദ്ധഖുർആൻ 'നിങ്ങൾ അന്യായമായി ധനം ഭുജിക്കരുത്. മനഃപൂർവം തെറ്റായ മാർഗത്തിലൂടെ അന്യരുടെ ധനത്തിൽനിന്നൊരു ഭാഗം അനുഭവിക്കുന്നതിനുവേണ്ടി ഭരണാധികാരികളെ സമീപിക്കുകയുമരുത്' (2: 188) എന്നുണർത്തുന്നു.

'അനാഥരുടെ സമ്പത്തിനോട് അടുക്കാതിരിക്കുവിൻ -ഏറ്റവും നല്ല രീതിയിലല്ലാതെ' (17: 34) എന്ന ഖുർആന്റെ കൽപനയും മറ്റൊരാ

ളുടെ സമ്പത്ത് അങ്ങേയറ്റം പവിത്രമാണെന്നും അത് കവർന്നെടുക്കരുതെന്നുമുള്ള ശക്തമായ താക്കീതാണ്.

മനുഷ്യന്റെ അഭിമാനസംരക്ഷണത്തെയും ഖുർആൻ സമീപിക്കുന്നത് ഇതേ രീതിയിലാണ്. "നിങ്ങൾ പരിഹസിക്കരുത്.... നിങ്ങൾ പരസ്പരം അവഹേളിക്കരുത്. ദുഷ്പേരുകൾ വിളിക്കുകയുമരുത്...... നിങ്ങളിൽ ആരും ആരെക്കുറിച്ചും പരദൂഷണം പറയരുത്...." (49: 11-12) എന്നീ വിശുദ്ധവചനങ്ങൾ പ്രകാശിപ്പിക്കുന്നത് ഈ ആശയത്തെയാണ്. ജീവിക്കാനുള്ള അവകാശ(The right to life)ത്തെയും അതിന്റെ തന്നെ അനുബന്ധമെന്ന നിലയ്ക്ക് സമ്പത്ത് സുരക്ഷിതമാകാനുള്ള അവകാശ(The right to property)ത്തെയും അഭിമാനത്തിന് ക്ഷതമേൽക്കാതിരിക്കാനുള്ള അവകാശ(The right to the protection of Honour)ത്തെയും വിശുദ്ധഖുർആൻ പ്രത്യേകം പ്രദാനം ചെയ്യുന്നുണ്ട് എന്ന് മേൽവചനങ്ങൾ വ്യക്തമാക്കുന്നു.

## മൗലികാവകാശങ്ങളുടെ സംരക്ഷണബാധ്യത

വ്യക്തിക്ക് ഈ മൂന്ന് അവകാശങ്ങൾ അടിസ്ഥാനാവകാശങ്ങളായി (Basic human rights) നിശ്ചയിച്ച് കൊടുക്കുന്നതിൽ മാത്രം പരിമിതമല്ല ഖുർആനിലെ മനുഷ്യാവകാശനിയമങ്ങൾ. ഈ അടിസ്ഥാനാവകാശങ്ങൾ ഓരോ വ്യക്തിക്കും ലഭ്യമാക്കുക സമൂഹത്തിന്റെ ബാധ്യതയാണെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. ഇതുപ്രകാരം ദരിദ്രന് ആഹാരവും രോഗിക്ക് ചികിത്സയും തെരുവുസന്തതികൾക്ക് അഭയകേന്ദ്രവും ഒരുക്കാൻ വ്യക്തിയും രാഷ്ട്രവും ബാധ്യസ്ഥമാണ്. 'ഒരുവൻ ആർക്കെങ്കിലും ജീവിതം നൽകിയാൽ അവൻ മുഴുവൻ മനുഷ്യർക്കും ജീവിതം നൽകിയതുപോലെയാണ്' (5: 32) എന്ന വചനത്തിലൂടെ ഈ അവകാശ(The right to the basic necessities of life)മാണ് ഖുർആൻ വിളംബരം ചെയ്യുന്നത്. വ്യക്തിയുടെ ഈ അവകാശം സുരക്ഷിതമാകാൻ ആവിഷ്കരിച്ചതാണ് ഇസ്‌ലാമിലെ ദാനധർമനിയമങ്ങൾ. ഇക്കാരണത്താലാണ് ദാനത്തെ വിശുദ്ധഖുർആൻ പാവപ്പെട്ടവന്റെ അവകാശം എന്ന് വിശേഷിപ്പിച്ചത്: "അവരുടെ മുതലുകളിൽ ചോദിക്കുന്നവന്നും ആശ്രയമറ്റവന്നും അവകാശമുണ്ട്" (51: 19).

മനുഷ്യജീവിതത്തിന്റെ അനിവാര്യ ഉപാധിയായ ധനത്തെക്കുറിച്ച് 'അത് നിങ്ങളിലുള്ള സമ്പന്നർക്കിടയിൽ മാത്രം കറങ്ങാതിരിക്കുന്നതിന്' (59: 7) എന്ന് പ്രഖ്യാപിക്കുന്ന ഖുർആൻ ധനത്തിന്റെ കേന്ദ്രീകരണവും കുത്തകവത്കരണവും തടയുന്നത് ഇക്കാര്യം മുൻനിർത്തിയാണ്.

മനുഷ്യജീവിതത്തിന്റെ അനിവാര്യഘടകമായ ജലം സ്വകാര്യസ്വത്തല്ലെന്നും പൊതുസ്വത്താണെന്നുമുള്ള ഇസ്‌ലാമിന്റെ കാഴ്ചപ്പാടിലും മനുഷ്യജീവിതത്തിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട അവകാശങ്ങൾ നിഴലിക്കുന്നുണ്ട്. സാമ്പത്തികചൂഷണത്തിൽനിന്നും ചതിയിൽനിന്നും സുരക്ഷിതനാവാനുള്ള വ്യക്തിയുടെ അവകാശത്തെ അർഥശങ്കയ്ക്കിടയില്ലാത്ത വിധം പ്രഖ്യാപിക്കുന്നതാണ് 'അളന്നുകൊടുക്കുമ്പോൾ തികച്ച് അളക്കുവിൻ. തൂക്കിക്കൊടുക്കുമ്പോൾ കൃത്യമായ ത്രാസുകളിൽ തൂക്കുകയും ചെയ്യുവിൻ' (17: 35) എന്ന വചനം.

## സ്വകാര്യതയുടെ സംരക്ഷണം

അഭിമാനത്തിന്റെ പവിത്രത ഉദ്ഘോഷിക്കുന്ന വിശുദ്ധഖുർആന്റെ ദൃഷ്ടിയിൽ സ്വകാര്യത കാത്തുസൂക്ഷിക്കാനുള്ള വ്യക്തിയുടെ അവകാശ(The sanctity and security of life)വും മൗലികാവകാശമാണ്. 'നിങ്ങൾ ചുഴിഞ്ഞന്വേഷിക്കരുത്" (49: 12) എന്ന വാക്യം അടിവരയിടുന്നത് ഈ നിയമത്തെയാണ്. ഇതേ അവകാശത്തെ മുൻനിർത്തിയാണ് വിശുദ്ധഖുർആൻ താഴെ പറയുന്ന വചനങ്ങൾ അരുളിയിട്ടുള്ളത്.

"സമ്മതം കിട്ടുന്നതുവരെ അന്യരുടെ വീട്ടിൽ കടക്കരുത്, നിങ്ങളോട് തിരിച്ചുപോകാൻ ആവശ്യപ്പെട്ടാൽ തിരിച്ചുപോകണം" (24: 28). വ്യക്തിയുടെ ജീവൻ, ധനം, അഭിമാനം എന്നിവയുടെ സുരക്ഷിതത്വ(Security)ത്തിനും പവിത്രതയ്ക്കും (Sanctity) ഊന്നൽ നൽകുന്ന ഈ തത്ത്വങ്ങളെ അവലംബിച്ച് നിയമങ്ങളാവിഷ്കരിക്കുമ്പോൾ, പ്രകൃതിനശീകരണം, പരിസ്ഥിതി മലിനീകരണം, കുത്തകവത്കരണം, ആവിഷ്കാരസ്വാതന്ത്ര്യം എന്നിവയെയെല്ലാം സമീപിക്കേണ്ടത് അവ എത്രത്തോളം അവകാശലംഘനത്തിന് (സുരക്ഷിതത്വത്തിനും പവിത്രതയ്ക്കും അപകടം വരുത്തും) കാരണമായിത്തീരും എന്ന ചോദ്യത്തെ മുൻനിർത്തിയാണ്.

മനുഷ്യാവകാശത്തെക്കുറിച്ച ഈ കാഴ്ചപ്പാടിൽ ഊന്നിക്കൊണ്ടാണ് നീതിയെക്കുറിച്ച ഇസ്‌ലാമികതത്ത്വങ്ങളും രൂപംകൊള്ളുന്നത്. അച്ചടക്കമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കാനുപകരിക്കുന്നതാണ് ഖുർആനിലെ എല്ലാ നിയമങ്ങളും. എന്നാൽ, ഖുർആൻ ഈ ലക്ഷ്യം നേടാൻ ശ്രമിക്കുന്നത് നീതിയുടെ തത്ത്വങ്ങളിലൂന്നിയാണ്. ഇക്കാരണത്താലാണ് അടിസ്ഥാനമനുഷ്യാവകാശവുമായി ബന്ധപ്പെട്ട മേൽവിവരിച്ച നിയമങ്ങൾക്ക് പുറമെ മനുഷ്യാവകാശത്തിന്റെ പൂർണത ഉറപ്പുവരുത്താനുതകുന്ന ശിക്ഷാനിയമങ്ങളും ഖുർആൻ ആവിഷ്കരിച്ചത്.

## നീതിയും അനീതിയും

ഖുർആനിക വീക്ഷണമനുസരിച്ച് ഒരു കർമം അനീതിയാവുന്നത് അത് ഒരു വ്യക്തിയുടെ അവകാശം പ്രത്യക്ഷമായോ പരോക്ഷമായോ അപഹരിക്കുന്നതാകുമ്പോഴാണ്. ഇത്തരം അനീതികൾക്കിരയാവുന്നവരുടെ പക്ഷം ചേരുന്നതിന് പകരം അവകാശലംഘകരോടുള്ള കാരുണ്യം മാനവവിരുദ്ധമാണ്. ഖുർആൻ എല്ലായ്പ്പോഴും നീതിക്ക് ഊന്നൽനൽകുന്നു. കാരണം മർദകരോടും കൊലപാതകിയോടും കാരുണ്യം പ്രകടിപ്പിക്കണമെന്ന സമീപനം കപടവും മനുഷ്യത്വത്തിന് എതിരുമാകുന്നു. 'വിശ്വസിച്ചവരേ നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരാകുവിൻ' (5: 8), 'ജനങ്ങൾക്കിടയിൽ തീരുമാനം കൽപിക്കുമ്പോൾ നീതിപൂർവം തീരുമാനം കൽപിക്കണമെന്ന് അല്ലാഹു നിങ്ങളോട് ആജ്ഞാപിക്കുന്നു' (4: 58) എന്നീ വചനങ്ങളിലൂടെ ഖുർആൻ പ്രഘോഷിക്കുന്നതതാണ്. കൊലയാളിക്ക് വധശിക്ഷ വിധിക്കുന്ന ഖുർആൻ നീതിയുടെ താൽപര്യവുമായി അതിനെ ബന്ധപ്പെടുത്തിയത് ഇപ്രകാരമാണ്: "ആരെങ്കിലും അന്യായമായി വധിക്കപ്പെട്ടാൽ അതിന്ന് പ്രതിക്രിയാനടപടി തേടാനുള്ള അവകാശം അവന്റെ രക്ഷാധികാരിക്ക് നാം നൽകിയിരിക്കുന്നു" (17: 33). പ്രതിക്രിയാനടപടിയെ കേവലം രാജ്യനിയമമെന്നല്ല കൊല്ലപ്പെട്ടവന്റെ ഏറ്റവും അടുത്ത ബന്ധുവിന്റെ അവകാശമെന്നാണ് ഖുർആൻ വിശേഷിപ്പിക്കുന്നത്. വധശിക്ഷ വിധിക്കപ്പെട്ട ശേഷം കുറ്റവാളി പ്രസ്തുത ശിക്ഷയിൽ ഇളവ് ലഭിക്കുന്നതിന് ദയാഹരജി സമർപ്പിക്കേണ്ടത് രാജ്യത്തെ ഭരണാധികാരികൾക്കല്ല ഇതേ അവകാശിക്ക് തന്നെയാണ്. കാരണം, ഇളവനുവദിക്കാനുള്ള അർഹത, ആരുടെ അവകാശമാണോ ലംഘിക്കപ്പെട്ടത് അവർക്കാണ്. ഇസ്‌ലാമിലെ നീതിക്കായുള്ള അവകാശ(The right to justice)നിയമങ്ങളുടെ ശ്രദ്ധേയമായ ഒരുവശമാണിത്.

ഖുർആനിലെ പ്രതിക്രിയാനിയമങ്ങൾ അപരിഷ്കൃതമല്ല. പല്ലുടച്ചവന്റെ കണ്ണ് കൂടി കുത്തിക്കീറരുതെന്ന, കൊലയാളിയുടെ കുടുംബത്തെകൂടി കൂട്ടക്കൊല ചെയ്യരുതെന്ന, സാംസ്കാരികാവബോധത്തെയാണ് വിളംബരം ചെയ്യുന്നത്. തത്തുല്യമല്ലാത്ത എല്ലാ പ്രതിക്രിയയും നിഷിദ്ധവും ശിക്ഷാർഹവുമാണെന്ന നീതിതത്ത്വമാണ് 'കണ്ണിന് കണ്ണ്, പല്ലിനുപല്ല്' എന്ന പ്രതിക്രിയാനിയമങ്ങളിലുള്ളത്. വിട്ടുവീഴ്ചയും ഔദാര്യവും കാണിക്കാൻ അതിനർഹതയുള്ളവരെ ഖുർആൻ അനുശാസിക്കുകയും ചെയ്യുന്നു.

ഖുർആനിലെ നീതിശാസ്ത്രമനുസരിച്ച് ശിക്ഷ കുറ്റവാളികൾ മാത്രമാണ് അനുഭവിക്കേണ്ടത്. നിരപരാധികൾ ശിക്ഷിക്കപ്പെട്ടുകൂടാ.

"ആരും മറ്റൊരാളുടെ ഭാരം വഹിക്കുകയില്ല" (35: 18). "ഓരോ മനുഷ്യനും എന്ത് സമ്പാദിക്കുന്നുവോ അതിന്റെ ഉത്തരവാദി അയാൾ തന്നെയാകുന്നു" (6: 164). വ്യക്തിയുടെ ന്യായമായ ഈ അവകാശത്തെ മുൻനിർത്തിയാണ് കുറ്റം തെളിയിക്കാനുള്ള ബാധ്യത വാദിക്കാണെന്ന് പ്രവാചകൻ അസന്ദിഗ്ധമായി വ്യക്തമാക്കിയത്. കുറ്റാരോപിതൻ തന്റെ നിരപരാധിത്വം തെളിയിക്കണമെന്ന് നിർബന്ധിക്കുന്നത് അയാളുടെ നേരെയുള്ള അവകാശലംഘനമാണ്.

## നിയമങ്ങളുടെ ലക്ഷ്യം അവകാശസംരക്ഷണം

ഖുർആനിലെ നിയമങ്ങൾ മനുഷ്യാവകാശങ്ങളുടെ സംരക്ഷണവുമായി അഭേദ്യബന്ധമുള്ളവയാണ്. അതിനാൽ, നിയമലംഘനം മൗലികാവകാശസംരക്ഷണത്തിന്റെ താൽപര്യമായിത്തീരുമ്പോൾ ശിക്ഷാമുക്തമാകുന്നു. വിശപ്പടക്കാൻ മോഷ്ടിച്ചവന്റെ കരഛേദം നടത്തരുതെന്ന ഇസ്‌ലാമികാധ്യാപനത്തിൽ അത് മുഴച്ചുകാണാം. ഒരു കാരണവശാലും നിസ്വനായ അധമർണന്റെ വീടോ, പണിയായുധങ്ങളോ ഭക്ഷണപാത്രങ്ങളോ ജപ്തി ചെയ്യരുതെന്ന ഇസ്‌ലാമികനിയമത്തിന്റെ അന്തസ്സത്തയും ഇതുതന്നെ.

മനുഷ്യാവകാശങ്ങളോടുള്ള ഈ പ്രതിബദ്ധത പാപമോചനതത്വങ്ങളിലും പ്രകടമാണ്. മറ്റൊരു വ്യക്തിയുടെ അവകാശങ്ങൾ കവർന്നെടുത്ത വ്യക്തി അത് അർഹർക്ക് തിരിച്ചുകൊടുക്കുകയും മാപ്പ് തേടുകയും ചെയ്യാത്ത കാലത്തോളം ദൈവം മാപ്പരുളില്ല എന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. അവകാശങ്ങൾ അർഹർക്ക് തിരിച്ചുനൽകാതെ നടത്തുന്ന സർവപ്രാർഥനയും നിരർഥകമാണെന്നാണ് പ്രവാചകൻ പഠിപ്പിച്ചത്.

## അവകാശസമരങ്ങൾ

ഇസ്‌ലാമികധർമശാസ്ത്രപ്രകാരം മനുഷ്യാവകാശത്തിന്റെയും നീതിയുടെയും ഈ താൽപര്യങ്ങൾ മുൻനിർത്തിയാണ് യുദ്ധത്തെയും വിമോചനപ്പോരാട്ടങ്ങളെയും സമീപിക്കേണ്ടത്. നീതി എന്നത് ഖുർആന്റെ ദൃഷ്ടിയിൽ തിന്മയുടെയും അനീതിയുടെയും നിഷേധംകൂടിയാണ്. ഹിംസയും പീഡനവും അക്രമവും ഉണ്ടാകരുതെന്നും ഏതു സാഹചര്യത്തിലും അവയെ ചെറുത്തുതോൽപിക്കണമെന്നുമാണ് ഖുർആൻ താൽപര്യപ്പെടുന്നത്. ഈ ചെറുത്തുനിൽപ് മർദിതന്റെ മൗലികാവകാശ(The right to protest against Tyranny)മാണെന്ന് ഖുർആൻ പ്രഖ്യാപിക്കുന്നു: "പീഡിതരും അടിച്ചമർത്തപ്പെട്ടവരുമായ സ്ത്രീപുരുഷന്മാർക്കും കുട്ടികൾക്കും വേണ്ടി നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യാതിരിക്കുന്നതിന് എന്തുണ്ട് ന്യായം?" (4: 75).

മൗലികാവകാശം പുനഃസ്ഥാപിക്കാനുള്ള പോരാട്ടത്തെ ദൈവികമാർഗത്തിലുള്ള ജിഹാദ് എന്നാണ് ഈ സൂക്തം വിശേഷിപ്പിക്കുന്നത്. ഒരു പ്രവാചകവചനം ഇപ്രകാരമാണ്: "ആരെങ്കിലും ജീവൻ രക്ഷിക്കാനുള്ള പോരാട്ടത്തിൽ കൊല്ലപ്പെട്ടാൽ അവൻ രക്തസാക്ഷിയാണ്. അഭിമാനം സംരക്ഷിക്കാനുള്ള പാതയിൽ വധിക്കപ്പെട്ടാൽ അവൻ രക്തസാക്ഷിയാണ്.

"ഭൂമിയിൽ എപ്പോഴാണ് നീതി പുലർന്നുകാണുക?" ഒരിക്കൽ പ്രവാചകൻ ചോദിക്കപ്പെട്ടു. "ഒരാളോട് മറ്റൊരാൾ അനീതി ചെയ്യുന്നത് കാണാനിടയാവുന്ന ഒരു വ്യക്തി, അനീതിക്കിരയായ വ്യക്തിക്കുണ്ടാവുന്ന അത്രതന്നെ വേദന അനുഭവിക്കാതിരിക്കുന്ന കാലത്തോളം നീതി പുലർന്നു എന്നു പറയുക വയ്യ." ഇതായിരുന്നു പ്രവാചകന്റെ മറുപടി.

പ്രവാചകന്റെ ഈ വചനം അവകാശം തിരിച്ചുപിടിക്കാനുള്ള മർദിതന്റെ പോരാട്ടത്തിൽ പക്ഷംചേരാനുള്ള ശക്തമായ ഉദ്ബോധനമാണ്. അനീതിക്കെതിരായ ഇസ്‌ലാമിന്റെ സന്ധിയില്ലാത്ത ഈ നിലപാടാണ് മനുഷ്യന്റെ ജീവൽപ്രശ്നങ്ങളെ അവഗണിക്കുന്ന എല്ലാ പരമ്പരാഗത ആചാരമതങ്ങളിൽനിന്നും അതിനെ വേർതിരിക്കുന്നത്.